# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2074 17/02/2016-ൽ മറുപടിക്ക്

## വൈദ്യുതി നിലയങ്ങളുടെ സ്ഥാപിത ശേഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിലെ വൈദ്യുതി നിലയങ്ങളുടെ സ്ഥാപിത ശേഷിയും ഉൽപാദനവും എത്ര മെഗാവാട്ടാണ്; വ്യക്തമാക്കാമോ; | (എ) ഇപ്പോഴത്തെ സ്ഥാപിതശേഷി 2844 മെഗാവാട്ടും വാർഷിക ഉത്പാദന ശേഷി 11971 ദശലക്ഷം യൂണിറ്റും ആണ്. |
| (ബി) വിവിധ തരം നിലയങ്ങളിൽ നിന്നും പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ ഉൽപ്പാദിപ്പിക്കുന്നത്; തരം തിരിച്ച് വ്യക്തമാക്കുമോ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇപ്പോൾ പ്രതിദിനം പുറമെ നിന്നും വാങ്ങുന്ന വൈദ്യുതി എത്ര; ആയതിന് ദിനം പ്രതി വരുന്ന ചെലവ് എത്ര; വ്യക്തമാക്കുമോ; നിലവിൽ പ്രതിദിനം കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി എത്ര; ആയത് 2010-11ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ; | (സി) 10/02/2016 കണക്കനുസരിച്ച് പ്രതിദിനം ശരാശരി 15.12 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുറമെ നിന്ന് വാങ്ങുന്നുണ്ട്. 2015 ഡിസംബർ മാസത്തെ കണക്കനുസരിച്ച് കേരളത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമെ 1475.762 മില്യൻ യൂണിറ്റ് വൈദ്യുതി വിവിധ ഉല്പാദകരിൽ നിന്നായി വാങ്ങിയിട്ടുണ്ട്. ആയതിന് 591.0402 കോടി രൂപ ചെലവായിട്ടുണ്ട്. ഇതനുസരിച്ച് പ്രതിദിനം ഏകദേശം 19.0658 കോടി രൂപയുടെ വൈദ്യുതിയാണ് വാങ്ങുന്നത്. നിലവിൽ പ്രതിദിന ശരാശരി കേന്ദ്ര വിഹിതം 34.736 ദശലക്ഷം യൂണിറ്റാണ്. 2010-11 ൽ ഇത് 18.51 ദശലക്ഷം യൂണിറ്റായിരുന്നു. |

(ഡി) നിലവിൽ ജലസംഭരണികളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള വെള്ളമാണ് ശേഷിക്കുന്നത്;

(ഡി) 10/02/2016 കണക്കനുസരിച്ച് 2375.81 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ജലം ലഭ്യമാണ്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉത്പാദിപ്പിച്ചു; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കൂടുതലായി ഉൽപ്പാദിപ്പിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 218.95 മെഗാവാട്ട് ശേഷി അധികമായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 44.066 മെഗാവാട്ട് ശേഷി അധികമായി വർദ്ധിപ്പിച്ചു.

(എഫ്) സംസ്ഥാനത്തിന് പുറത്തു നിന്ന് വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയും, ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് പരിഹരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എത്ര തുക നാളിതുവരെ മാറ്റിവച്ചുവെന്നും ആയതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

**(എഫ്) ഉം (ജി) യും**

അന്തർ സംസ്ഥാന പ്രസരണ ഇടനാഴികളുടെ അപര്യാപ്തത മൂലവും ശേഷിക്കുറവു മൂലവും പുറത്തു നിന്ന് വൈദ്യുതി കൊണ്ടു വരുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ടി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഫലമായി മേൽ സൂചിപ്പിച്ച പരിമിതികൾ ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

400 കെ.വി മൈസൂർ-അരീക്കോട് ലൈൻ കമ്മീഷൻ ചെയ്തു. കൂടംകുളത്തു നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി നിർമ്മിക്കുന്ന 400 കെ.വി ലൈൻ ഇടമൺ-കൊച്ചി ഭാഗം ഒഴിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ഭാഗത്തെ RoW യിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ഗവൺമെന്റ് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിച്ച് പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തൃശ്ശൂർ മാടക്കത്തറയിൽ 2000 MW HVDC Substation നിർമ്മിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. പ്രസ്തുത പ്രവൃത്തികൾ Power Grid Corporation of India Limited മുഖേന ആണ് നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ

## Installed capacity of Kerala as on 31.01.2016

| Sl.No | Name of Station | Installed Capacity (MW) | Annual Generation capacity (MU) |
|---|---|---|---|
| **I HYDEL** | | | |
| | **KSEB** | | |
| 1 | Chembukadavu stage I | 2.7 | 6.59 |
| 2 | Chembukadavu stage II | 3.75 | 9.03 |
| 3 | Idamalayar | 75 | 380 |
| 4 | Idukki | 780 | 2398 |
| 5 | Kakkad | 50 | 262 |
| 6 | Kallada | 15 | 65 |
| 7 | Kuttiadi | 75 | 268 |
| 8 | Kuttiadi Additional Extension Scheme | 100 | 223 |
| 9 | Kuttiadi extension | 50 | 75 |
| 10 | Kuttiadi tailrace | 3.75 | 17.01 |
| 11 | Lower meenmutty | 3.5 | 7.63 |
| 12 | Lower periyar | 180 | 493 |
| 13 | Malampuzha | 2.5 | 5.6 |
| 14 | Malankara | 10.5 | 65 |
| 15 | Mattupetty | 2 | 6.4 |
| 16 | Neriamangalam | 52.65 | 237 |
| 17 | Neriamangalam ext | 25 | 58.27 |
| 18 | P.L.B.E | 16 | 74 |
| 19 | Pallivasal | 37.5 | 284 |
| 20 | Panniyar | 32.4 | 158 |
| 21 | Peppara | 3 | 11.5 |
| 22 | Poringalkuthu | 36 | 170 |
| 23 | Sabarigiri | 340 | 1338 |
| 24 | Sengulam | 51.2 | 182 |
| 25 | Sholayar | 54 | 233 |
| 26 | Urumi stage I | 3.75 | 9.72 |
| 27 | Urumi stage II | 2.4 | 6.28 |
| 28 | Poozhithode SHP | 4.8 | 10.97 |
| 29 | Ranni Perinad SHP | 4 | 16.73 |
| 30 | Peechi SHP | 1.25 | 3.21 |
| 31 | Vilangad SHP | 7.5 | 22.63 |
| 32 | Chimmony | 2.5 | 6.7 |
| 33 | Adyanpara | 3.5 | 9.01 |
| | **Total** | **2031.15** | **7112.28** |
| | **CPPs/IPPs** | | |
| 1 | Kuthungal (CPP) | 21 | 79 |
| 2 | Maniyar (CPP) | 12 | 36 |
| 3 | Ullunkal (IPP) | 7 | 32.22 |
| 4 | Iruttukkanam (IPP) | 4.5 | 13 |
| 5 | Pambumkayam (Mankulam) Mini HEP (IPP) | 0.11 | 0.29 |
| 6 | Karikkayam SHP (IPP) | 10.5 | 43.69 |
| 7 | Meenvallom SHP (IPP) | 3 | 8.37 |
| 8 | Kallar micro HEP(IPP) | 0.05 | 0.13 |
| | **Total CPPs/IPPs** | **58.16** | **212.7** |
| | **Total hydro** | **2089.31** | **7324.98** |
| **II. THERMAL** | | | |
| 1 | BSES Kerala Power Ltd (BKPL) (IPP) | 157 | 1099 |
| 2 | Kasargode Power Corporation (IPP) | 21.9 | 140 |
| 3 | Brahmapuram Diesel Power Plant (KSEB) * | 63.96 | 363.6 |
| 4 | Kozhikode Diesel Power Plant (KSEB) ** | 96 | 672 |
| 5 | Kayamkulam (N.T.P.C) (Central sector) | 359.58 | 2158 |
| 6 | Co-Generation Plant MPS Steel (IPP) | 10 | 67.63 |
| 7 | Co-Generation Plant PCBL (CPP) | 10 | 70.08 |
| | **Total** | **718.44** | **4570.31** |
| **III.WIND** | | | |
| 1 | Kanjikode (9x0.225 MW) (KSEB) | 2.025 | 4.00 |
| 2 | Ramakkalmedu (19x0.75MW) (IPP) | 14.25 | 32.46 |
| 3 | Agali (31 X 0.6 MW) (IPP) | 18.6 | 37.47 |
| | **Total** | **34.875** | **73.93** |
| **IV.SOLAR** | | | |
| | Kanjikode Substation (KSEB) | 1.00 | 1.63 |
| | Solar (IPP) | 0.156 | 0.2 |
| | **Total Installed Capacity** | **2843.78** | **11970.85** |

Note: * #2 & 3 decommissioned as per B.O dated 30.6.14

** #1 & 4 decommissioned as per B.O dated 30.6.14

സെക്ഷൻ ഓഫീസർ